# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 307 23.01.2018-ൽ മറുപടിക്ക്

### അപകടത്തിൽപ്പെട്ടവർക്കുള്ള ചികിത്സ

**ചോദ്യം** — **മറുപടി**

ശ്രീ.മഞ്ഞളാംകുഴി അലി

ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ
(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | അപകടങ്ങളിൽപ്പെട്ട് ചികിത്സ തേടി ആശുപത്രികളിൽ എത്തുന്നവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിന് ആശുപത്രി അധികൃതർ പലപ്പോഴും വിമുഖത കാണിക്കുന്നതായും ഇത് മൂലം അപകടത്തിൽപ്പെട്ടവർ മരണമടയുന്നതായുമുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | അപകടത്തിൽപ്പെട്ട് ചികിത്സതേടി എത്തുന്നവരോടൊപ്പം ബന്ധുക്കളോ പരിചരിക്കാൻ മറ്റാരെങ്കിലുമോ ഇല്ലാത്തതു കാരണം യഥാസമയം ചികിത്സ ലഭിക്കാത്ത സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | ബി) | ഗുഡ് സമരിറ്റൻസ് നിയമം അനുസരിച്ച് അപകടത്തിൽപ്പെട്ട് വരുന്നവരോടൊപ്പം ബന്ധുക്കളില്ലെങ്കിലും ചികിൽസ നൽകണമെന്നും, കൊണ്ടു വരുന്ന ആൾക്കാരെ ബുദ്ധിമുട്ടിക്കരുതെന്നും ജില്ലാ മെഡിക്കൽ ഓഫീസർമാർ മുഖേന ആരോഗ്യ വകുപ്പിന് കീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | വാഹന അപകടങ്ങളിൽപ്പെട്ട് എത്തുന്നവർക്ക് ആദ്യത്തെ 48 മണിക്കൂർ സൗജന്യ ചികിത്സ നൽകാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്താമോ? | സി) | റോഡപകടങ്ങൾ തുടർക്കഥയാകുന്നത് ഒരു വലിയ വിപത്തായി കാണുകയും ഇക്കാര്യത്തിൽ ശാസ്ത്രീയ പരിശോധനകളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിന് ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02.11.2017- ൽ ചേർന്ന യോഗത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടേയും അഭിപ്രായം ആരായുകയും സുവ്യക്തമായ തീരുമാനങ്ങളിൽ എത്തുകയും ഉണ്ടായി. പ്രസ്തുത സമിതി അപകടങ്ങളിൽപ്പെടുന്നവർക്ക് സർക്കാർ/സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിൽസ |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുന്നതിനായി തീരുമാനം എടുത്തിരുന്നു. മേൽ പദ്ധതിയുടെ സമഗ്രവും വിജയകരവുമായ നടത്തിപ്പിന് സമഗ്ര ആക്സിഡന്റ് ഇൻഷുറൻസ് പ്രോഗ്രാം എന്ന രീതിയിൽ നൂതനമായ ഒരു പ്രോജക്ട് വിഭാവനം ചെയ്യുകയും ആയതിന്റെ നടത്തിപ്പ് സർക്കാർ സ്വകാര്യ ആശുപത്രികളും ഇൻഷുറൻസ് കമ്പനികളും റോഡ് സുരക്ഷാ വിഭാഗവും കോർത്തിണക്കി ഫലവത്തായി നടപ്പിൽ വരുത്തുന്നതിന് താൽപ്പര്യമുള്ള ഇൻഷുറൻസ് കമ്പനിയോ, കമ്പനികളുടെ കൂട്ടായ്മയോ കണ്ടെത്തുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**